**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5790** **16-03-2023 - ൽ മറുപടിയ്ക്ക്**

**ഹോമിയോപ്പതി മെഡിക്കൽ കോളേജുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സർക്കാർ മേഖലയിൽ ഇപ്പോഴുള്ള ഹോമിയോപ്പതി മെഡിക്കൽ കോളേജുകളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്ത് സർക്കാർ മേഖലയിൽ തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിലായി രണ്ട് ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകൾ നിലവിലുണ്ട്. |
| (ബി) | 2021 വർഷം എത്രപേർക്ക് ബി.എച്ച്.എം.എസ്. ന് സർക്കാർ മേഖലയിൽ അഡ്മിഷൻ നൽകിയെന്നും അവരിൽ എത്ര ശതമാനം വിജയിച്ചുവെന്നുമുള്ള കണക്കുകൾ ലഭ്യമാക്കാമോ; | (ബി) | 2021 വർഷം ബി.എച്ച്.എം.എസ്. - ന് സർക്കാർ മേഖലയിൽ 126 വിദ്യാർത്ഥികൾ അഡ്മിഷൻ നേടിയിട്ടുണ്ട്. പരീക്ഷ 2023 മേയിൽ നടന്നു കഴിഞ്ഞാൽ മാത്രമേ വിജയ ശതമാനം കണക്കാക്കാൻ സാധിക്കുകയുള്ളൂ. |
| (സി) | സംസ്ഥാനത്ത് എയിഡഡ്, അൺ എയ്ഡഡ് മേഖലയിൽ എത്ര ഹോമിയോപ്പതി മെഡിക്കൽ കോളേജുകൾ ഉണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ; | (സി) | എയ്ഡഡ് മേഖലയിൽ മൂന്ന് കോളേജുകൾ നിലവിലുണ്ട്.<br>തിരുവനന്തപുരം -1<br>കോഴിക്കോട് -1.<br>കോട്ടയം -1<br>അൺ എയ്ഡഡ് ഹോമിയോ മെഡിക്കൽ കോളേജുകൾ ഇല്ല |
| (ഡി) | 2021 വർഷം എയിഡഡ്, അൺ എയ്ഡഡ് മേഖലയിൽ എത്ര കുട്ടികൾ ബി.എച്ച്.എം.എസ്. വിജയിച്ചിട്ടുണ്ടെന്ന് മേഖല തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ; | (ഡി) | എയ്ഡഡ് (ഫൈനൽ ബി.എച്ച്.എം.എസ്)<br>എറണാകുളം-30, കോട്ടയം - 45,തിരുവനന്തപുരം - 74( സപ്ലിമെന്ററി ഉൾപ്പെടെ)<br>അൺ എയ്ഡഡ് - ഇല്ല |
| (ഇ) | സംസ്ഥാനത്തെ ആശുപത്രികളിൽ സ്ഥിരം/കരാർ/ താത്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഹോമിയോപ്പതി ഡോക്ടർമാരുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ? | (ഇ) | ആയുഷ് വകുപ്പിൻ കീഴിലുള്ള ആശുപത്രികളിൽ സ്ഥിരം/ കരാർ /താൽകാലിക അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഹോമിയോപ്പതി ഡോക്ടർമാരുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം I ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം I**

ആയുഷ് വകുപ്പിൻ കീഴിലുള്ള ആശുപത്രികളിൽ സ്ഥിരം/ കരാർ /താൽകാലിക അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഹോമിയോപ്പതി ഡോക്ടർമാരുടെ ജില്ല തിരിച്ചുള്ള കണക്ക്.

**I) ഗവൺമെന്റ് ഹോമിയോപ്പതിക് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലെ ഹോമിയോപ്പതി ഡോക്ടർമാരുടെ എണ്ണം**

ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് തിരുവനന്തപുരം

സ്ഥിരം അധ്യാപകർ/ഡോക്ടർമാർ - 20

സീനിയർ മെഡിക്കൽ ഓഫീസർ-1 (ഡെപ്യൂട്ടേഷൻ)

മെഡിക്കൽ ഓഫീസർ - 3(ഡെപ്യൂട്ടേഷൻ)

താത്ക്കാലിക അധ്യാപകർ/ഡോക്ടർ - 17 (എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് )

ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജ്, കോഴിക്കോട്

സ്ഥിരം അധ്യാപകർ/ഡോക്ടർമാർ - 15

സീനിയർ മെഡിക്കൽ ഓഫീസർ-1

മെഡിക്കൽ ഓഫീസർ - 3

താത്ക്കാലിക അധ്യാപകർ/ഡോക്ടർ - 14

(എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്-13, ദിവസ വേതനം-1)

**II) ഹോമിയോപ്പതി ഡയറക്ടറുടെ കീഴിൽ സംസ്ഥാനത്തെ ഹോമിയോ ആശുപത്രികളിൽ ജോലി ചെയ്യുന്ന ഡോക്ടർമാരുടെ എണ്ണം ജില്ല തിരിച്ചുള്ള കണക്ക്**

| ജില്ല | സ്ഥിരം ഡോക്ടർമാരുടെ എണ്ണം | കരാർ ഡോക്ടർമാരുടെ എണ്ണം | താൽകാലിക ഡോക്ടർമാരുടെ എണ്ണം |
|---|---|---|---|
| തിരുവനന്തപുരം | 13 | 17 | 0 |
| കൊല്ലം | 9 | 9 | 0 |
| പത്തനംതിട്ട | 3 | 4 | 0 |
| ആലപ്പുഴ | 9 | 11 | 1 |
| കോട്ടയം | 11 | 16 | 0 |
| ഇടുക്കി | 6 | 8 | 2 |
| എറണാകുളം | 9 | 13 | 1 |
| തൃശ്ശൂർ | 3 | 9 | 0 |
| പാലക്കാട് | 3 | 6 | 0 |

| | | | |
|---|---|---|---|
| മലപ്പുറം | 11 | 10 | 1 |
| കോഴിക്കോട് | 9 | 14 | 1 |
| വയനാട് | 3 | 7 | 1 |
| കണ്ണൂർ | 5 | 10 | 0 |
| കാസർഗോഡ് | 8 | 11 | 0 |
| | 102 | 145 | 7 |

Ashaletha

സെക്ഷൻ ഓഫീസർ